# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 683 — 02/12/2014-ൽ മറുപടിക്ക്

### അട്ടപ്പാടി മേഖലയിലെ പ്രശ്നങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. ചന്ദ്രൻ : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | അട്ടപ്പാടിയിലെ ആദിവാസി വിഭാഗത്തിലെ നവജാതശിശുക്കളുടെ മരണവുമായി ബന്ധപ്പെട്ട് മനുഷ്യാവകാശ കമ്മീഷൻ നോട്ടീസ് നൽകിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത നോട്ടീസിന് മറുപടി നൽകിയിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | അട്ടപ്പാടി മേഖലയിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം ആദിവാസി തൊഴിലാളികൾക്ക് കുടിശ്ശിക യായിട്ടുള്ള തുക എത്രയാണെന്ന് വ്യക്തമാക്കാമോ; | (സി) | നാളിതുവരെ 1,17,64,092/- രൂപ അട്ടപ്പാടി മേഖലയിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലാളികൾക്ക് കുടിശ്ശിക നൽകാനുണ്ട്. ഷോളയൂർ 10.10.14 വരെയും, അഗളിയിൽ 13.10.14 വരെയും പുതൂർ 18.10.14 വരെയും മാത്രമേ തൊഴിലാളികൾക്ക് വേതനം നൽകിയിട്ടുള്ളൂ. |
| (ഡി) | സാമൂഹ്യ അടുക്കള നിർത്തലാക്കുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ; | (ഡി) | സമൂഹ അടുക്കള നിർത്തലാക്കിയിട്ടില്ല. താൽക്കാലികമായി ഉണ്ടായിരുന്ന തടസ്സങ്ങൾ നീക്കി സമൂഹ അടുക്കളയുടെ പ്രവർത്തനം പുനഃരാരംഭിച്ചിട്ടുണ്ട്. |
| (ഇ) | പുതിയ അട്ടപ്പാടി പാക്കേജിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഇ) | അട്ടപ്പാടിയിൽ പുതിയ പാക്കേജ് പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ